കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൂവാർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail : lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.**1 /110/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,
Phone No: 0471-2331231

Email: lfadtvm@yahoo.in
തീയതി: 26.3.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂവാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൂവാർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവ യിലെ വ്യവസ്ഥകൾ പ്രകാരം പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചാ യത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1) ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി**1/110/2019**

തീയതി**:26.3.2019**

## തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,*

*1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 10.08.2017 മുതൽ 20.12.2018 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.സാജൻലാൽ എസ്. ജെ,
ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 21.12.2018 മുതൽ 31.12.2018 വരെ

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

1. ശ്രീ. രാജേഷ് എം.ജി. സീനിയർ ഗ്രേഡ് ഓഡിറ്റർ
2. ശ്രീ പ്രേംനാഥ് ജി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ശ്രീ ലിപു എസ്. ലോറൻസ്, ഓഡിറ്റർ
4. ശ്രീ. ഷിംജി ജി,ഓഡിറ്റർ
5. ശ്രീ രാജു.എസ്, ഓഡിറ്റർ

<u>നിർവഹണാധികാരികൾ</u>

| | പേര്, വിലാസം | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി അജിതകുമാരി.എം.എസ്,<br>അശ്വതി ഭവൻ, കുറുമ്പേറ്,<br>കഞ്ചാംപഴഞ്ഞി പി.ഒ | 01.04.2017 - 31.03.2018 |
| സെക്രട്ടറി | ശ്രീമതി മിനി.ജെ, ഹൗസ് നം.7<br>മങ്കാരത്ത് ഗാർഡൻസ്,<br>പാപ്പനംകോട് പി.ഒ | 01.04.2017 - 19.01.2018 |
| | ശ്രീ. സന്തോഷ് കുമാർ.പി,ബി<br>സൗപർണ്ണിക, റ്റി.സി. 64/1869(2),<br>പുഴയോരം ലെയ്ൻ, തിരുവല്ലം പി.ഒ | 20.01.2018 – 23.01.2018 |
| | ശ്രീ. സന്തോഷ് കുമാർ.റ്റി, റ്റി,സി 3/300,<br>സന്തോഷ് ഭവൻ, സി.പി. നഗർ, മുട്ടട പി.ഒ | 24.01.2018 – 31.03.2018 |

<u>നിർവഹണോദ്യോഗസ്ഥർ</u>

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്,വിലാസം | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ. മഹേഷ്,<br>വിശാഖ്, ഇന്ദിരാ ഗാർഡൻ, | 01.04.2017-<br>31.03.2018 |

| | | | |
|---|---|---|---|
| | | വെടിവെച്ചാൻകോവിൽ.പി.ഒ, തിരുവനന്തപുരം | |
| 2 | വെറ്ററിനറി സർജൻ | ഡോ. ഗോപകുമാർ.റ്റി, മുടമ്പിൽ വീട്, റ്റി.സി 36/1624, വള്ളക്കടവ്.പി.ഒ തിരുവനന്തപുരം-8 | 01.04.2017-31.03.2018 |
| 3 | ഹെഡ്മിസ്ട്രസ് | ശ്രീമതി ശോഭന.എസ്, ഡി.എസ് ഭവൻ, എസ്.എൻ.ഡി.പി റോഡ്, കരുംകുളം, പുതിയതുറ പി.ഒ | 01.04.2017-31.03.2018 |
| 4 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ശിവാംബിക, വരേണ്യ, വെൺപകൽ പി.ഒ | 01.04.2017 – 12.11.2017 |
| | | ശ്രീമതി ജയശ്രീ, നീതുശ്രീ, ശാന്തിവിള, നേമം പി.ഒ | 13.11.2017 – 31.03.2018 |
| 5 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി രമ്യ സുധീർ, തോപ്പിൽ ഹൗസ്, കുന്നംകുളം ലെയ്ൻ എ65, മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 01.04.2017-22.10.2017 |
| | | ശ്രീമതി ഷീലകുമാരി.പി.എം, ഷാജോൺ, കൊറ്റാമം, ധനുവച്ചപുരം പി.ഒ | 23.10.2017-31.03.2018 |
| 6 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. സനൽ കുമാർ<br>നുലിയം കുളത്തിൻകര വീട്, നെല്ലിശ്ശേരി, വെള്ളറട പി.ഒ | 01.04.2017-30.06.2017 |
| | | ശ്രീ. ദിൽജിത്ത്.എസ്.എസ്<br>ശ്രീലകം, തത്തിയൂർ, മഞ്ചവിളാകം-695503 | 01.07.2017-31.03.2018 |
| 7 | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | ഡോ.ജവഹർ,<br>ഡബ്ല്യൂ.ജെ നിവാസ്,<br>ലൂയിസ് കോമ്പൗണ്ട്, മങ്കാട്, തിരുമല പി.ഒ,<br>തിരുവനന്തപുരം | 01.04.2017-31.03.2018 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി രത്നബിന്ദു.എസ്.ആർ<br>ശ്രീവിഷ്ണു നിലയം,<br>ലൂർദ്ദ്പുരം,<br>കാഞ്ഞിരംകുളം പി.ഒ<br>പിൻ : 695524 | 01.04.2017-31.08.2017 |
| | | ശ്രീമതി വിജയലക്ഷ്മി.വി.എ, മുല്ലക്കാട്ടുപുത്തൻവീട്, മാമ്പഴക്കര, പെരുമ്പഴുതൂർ പി.ഒ, പിൻ : 695126 | 01.09.2017 - 31.03.2018 |
| 9 | മെഡിക്കൽഓഫീസർ, ഹോമിയോ | ഡോ.ഷാജിക്കുട്ടി, സഹാന, മുക്കോല പി.ഒ, വിഴിഞ്ഞം | 01.04.2017-31.03.2018 |
| 10 | സെക്രട്ടറി | ശ്രീമതി മിനി.ജെ, ഹൗസ് നം.7 മങ്കാരത്ത് ഗാർഡൻസ്, പാപ്പനംകോട് പി.ഒ | 01.04.2017 - 19.01.2018 |

| | | |
|---|---|---|
| | ശ്രീ. സന്തോഷ് കുമാർ.പി,ബി<br>സൗപർണ്ണിക, റ്റി.സി. 64/1869(2), പുഴയോരം<br>ലെയ്ൻ, തിരുവല്ലം പി.ഒ | 20.01.2018 –<br>23.01.2018 |
| | ശ്രീ. സന്തോഷ് കുമാർ.റ്റി,<br>റ്റി.സി 3/300,<br>സന്തോഷ് ഭവൻ, സി.പി. നഗർ,<br>മുട്ടട പി.ഒ | 24.01.2018 –<br>31.03.2018 |

<u>ഉള്ളടക്കം</u>


| ക്രമ നം. | | ഖണ്ഡിക നം. 1 |
|---|---|---|
| | **ഭാഗം 1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് -പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | **ഭാഗം 2**<br>വരവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ബജറ്റ് രൂപീകരണം - അപാകങ്ങൾ | 2-1 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>നഷ്ടം 23750/- രൂപ | 2-2 |

| | | |
|---|---|---|
| 15 | തൊഴിൽ നികുതി - അപാകങ്ങൾ | 2-3 |
| 16 | നികുതി - നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നിൽ വീഴ്ച | 2-4 |
| 17 | സേവന ഉപനികുതി ചുമത്തുന്നില്ല. | 2-5 |
| 18 | ഇ-ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-6 |
| ഭാഗം **3**<br>ചെലവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് നേടുന്നില്ല. | 3-1 |
| 20 | വാഹന പരിപാലനം സംബന്ധിച്ച രേഖകൾ പരിപാലിക്കുന്നില്ല. | 3-2 |
| 21 | ബീച്ച് റോഡ് കൾവർട്ട് നിർമ്മാണം - അധിക അളവും അധിക നിരക്കും നൽകി - 2006/- രൂപ നിരാകരിക്കുന്നു. | 3-3 |
| 22 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ | 3-4 |
| 23 | എ.എം.സി. വയ്ക്കലിലെ അപാകങ്ങൾ | 3-5 |
| 24 | വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല- 121241/-രൂപ തടസ്സപ്പെടുത്തുന്നു | 3-6 |
| 25 | പൊതുടാപ്പിന്റെ വെള്ളക്കരം അധികമായി അടയ്ക്കുന്നു. | 3-7 |
| 26 | തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള ജലാശയ നവീകരണം - നീക്കണം ചെയ്യപ്പെടുന്ന മണ്ണിന്റെ പുനരുപയോഗം ഉറപ്പാക്കുന്നില്ല. - അടിയന്തിര ശ്രദ്ധ നൽകണം | 3-8 |
| 27 | ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 3-9 |
| 28 | അവഗണിക്കപ്പെട്ട വിദ്യാഭ്യാസ മേഖല | 3-10 |
| 29 | അങ്കണവാടി - ഭൗതിക സൗകര്യങ്ങളുടെ അഭാവം | 3-11 |
| 30 | കാർഷിക മേഖല – ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ അനിവാര്യം | 3-12 |
| 31 | ജൈവ സമൃദ്ധി - പദ്ധതി നടത്തിപ്പിൽ അപാകം - വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്. | 3-13 |

| | | |
|---|---|---|
| 32 | ഓഡിറ്റ് ഇംപാക്ട് | 3-14 |
| | ഭാഗം **4** | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 16,69,78,732/- രൂപയും പ്രതീക്ഷിത ചെലവ് 16,58,02,000/- രൂപയും നീക്കിയിരിപ്പ് 11,76,732/- രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 68576422/- രൂപയും ചെലവ് 60610416/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 10.7.2017 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-2018 | 27.04.2018 | കെ.എസ്.എ.ജി.പി.1/1564/2018 തീയതി 29.8.2018 |

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 76,71,398 |
| വരവ് | 6,09,05,024 |
| ആകെ | 6,85,76,422 |
| ചെലവ് | 6,06,10,416 |
| നീക്കിയിരുപ്പ് | 79,66,006 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13390261 | 13390261 | 13390261 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5430642 | 5430642 | 5430642 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | |
| മെയിന്റനൻസ് (റോഡ്) | 0 | 8504000 | 8504000 | 8504000 | 0 |
| മെയിന്റനൻസ് (നോൺ റോഡ്) | 0 | 3281100 | 3281100 | 3281100 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6847389 | 6847389 | 6847389 | 0 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 3392380 | 3392380 | 3392380 | 0 |
| എസ്.ബി.റ്റി - തനത് ഫണ്ട് | 3888577 | 1604428 | 5493005 | 3132722 | 2360283 |
| കാനറ ബാങ്ക് | 0 | 4998422 | 4998422 | 45674 | 4952748 |
| റ്റി.എസ്.ബി - തനത് | 3680619 | 11239812 | 14920431 | 14865823 | 54608 |
| കാനറ ബാങ്ക് - MGNREGS | 22956 | 1133543 | 1156499 | 1134730 | 21769 |
| SBI – ലിറ്ററസി മിഷൻ ഗ്രാന്റ് | 2591 | 67296 | 69887 | 67200 | 2687 |
| ബി ഫണ്ട് | 0 | 441840 | 441840 | 441840 | 0 |
| ക്യാഷ് | 76655 | 573911 | 650566 | 76655 | 573911 |

## 1-6 പദ്ധതി അവലോകനം

2017-18 സാമ്പത്തികവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം

| ക്രമ | നിർവഹണോ | അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി ചെലവ് | ഭാഗിക | നടപ്പാ | പൂർത്തീ |
|---|---|---|---|---|---|---|---|---|

| നം. | ദ്യോഗസ്ഥൻ | ലഭിച്ചത് (എണ്ണം) | അടങ്കൽ | യത് (എണ്ണം) | | മായി നടപ്പാക്കി യത് | ക്കാ ത്തവ | കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 18,79,670 | 4 | 6,46,490 | 3 | 2 | 44.44 |
| 2 | വെറ്ററിനറിസർജൻ | 6 | 43,29,261 | 3 | 20,08,032 | 3 | 0 | 50 |
| 3 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 2,81,900 | 3 | 2,76,360 | 0 | 0 | 100 |
| 4 | ഫിഷറീസ് ഇൻസ്പെക്ടർ | 1 | 15,00,000 | 1 | 8,91,001 | 0 | 0 | 100 |
| 5 | വി. ഇ.ഒ | 14 | 54,84,500 | 6 | 45,69,500 | 6 | 2 | 42.85 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 42,39,346 | 4 | 34,68,193 | 3 | 2 | 44.44 |
| 7 | സെക്രട്ടറി | 29 | 1,08,02,788 | 21 | 90,16,768 | 2 | 6 | 72.41 |
| 8 | ഹെഡ്മിസ്ട്രസ് | 5 | 17,81,020 | 3 | 12,20,000 | 0 | 2 | 60 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 91 | 2,45,67,164 | 66 | 1,77,76,995 | 0 | 25 | 72.53 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 4,97,500 | 1 | 4,97,500 | 0 | 0 | 100 |
| 11 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 9 | 24,42,500 | 8 | 21,45,529 | 0 | 1 | 88.88 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 22956 | 1133543 | 1156499 | 1134730 | 21769 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14607067 | 14607067 | 14607067 | 0 |
| ആകെ | 22956 | 15740610 | 15763566 | 15741797 | 21769 |

## 1-8 ക്ഷേമപദ്ധതികൾ

2017-18 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,38,840 | 304 |
| കർഷകതൊഴിലാളി വേതനം | 57,42,200 | 503 |
| വിധവാ പെൻഷൻ | 86,66,600 | 742 |
| വാർദ്ധക്യകാല പെൻഷൻ | 1,24,06,900 | 1051 |
| വികലാംഗ പെൻഷൻ | 36,77,900 | 302 |
| വിവാഹധനസഹായം | 3,00,000 | 10 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,57,100 | 19 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-12-2018 3.00 pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52,534/- രൂപയുടെ ക്യാഷ്, നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്റ്റിയറിംഗ് കമ്മിറ്റി പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി ഭരണസമിതിക്ക് നൽകിയിട്ടില്ല. ഫോറം വിതരണ രജിസ്റ്റർ പരിപാലിക്കുന്നില്ല. സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല. വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകുന്നില്ല.

ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ (സ.ഉ.(കൈ.)123/09/ത.സ്വ.ഭ.വ. തീയതി 2.7.2009) അടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സവിശേഷ ശ്രദ്ധചെലുത്തേണ്ടതാണ്.

മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ സജീവമായി നിൽക്കുന്ന പഞ്ചായത്ത് ആയതിനാൽ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുന്നതിലും ഏകോപിപ്പിക്കുന്നതിലും കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിക്കാൻ താത്പര്യപ്പെടുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.11.2018 | 10/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.03.2014 – 19.04.2014 | 2008-09 മുതൽ 2012-13 വരെ | 19.05.2014 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

29.8.2018ലെ കെ.എസ്.എ. ജി.പി.1/1564/2018 നമ്പർ റിപ്പോർട്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം - അപാകങ്ങൾ

| ക്രമ നം | ഇനം | നടപടിക്രമം പൂർത്തിയാക്കേണ്ട തീയതി | നടപടിക്രമം പൂർത്തിയാക്കിയ തീയതി |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 10.01.2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | 12.02.2017 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | ഇല്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 28.02.2017 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 23.05.2017 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 21.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 27.03.2017 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 28.03.2017 |

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. മാത്രമല്ല ചില പദ്ധതികളിൽ ബജറ്റിൽ വകയിരുത്താതെയും തുക ചെലവഴിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ

ചേർക്കുന്നു.

| ക്രമ നം | ഇനം | എ എഫ് എസ് പ്രകാരമുള്ള തുക | ബജറ്റ് പ്രകാരമുള്ള തുക |
|---|---|---|---|
| 1 | തെങ്ങ് കൃഷി | 54700 | 0 |
| 2 | പശുവളർത്തൽ | 1125000 | 0 |
| 3 | മുട്ടക്കോഴി വളർത്തൽ | 140000 | 0 |
| 4 | കന്നുക്കുട്ടി പരിപാലനം | 100000 | 218750 |

പ്രസ്തുത വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല – നഷ്ടം 23,750/- രൂപ

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ലയെന്നു തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ വ്യക്തമായി.

| സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
|---|---|---|
| മുല്ലൂർ റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1250 | 1250 |
| മുത്തൂറ്റ് മിനി ഫിനാൻസ് ലി. | 1250 | 1250 |
| അനിതാര ആശുപത്രി | 1250 | 1250 |
| ഒലിവ് ഡെന്റൽ ക്ലിനിക്ക് | 1250 | 1250 |
| കോസ്മിക് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 1250 | 1250 |
| ഗായത്രി ആശുപത്രി | 1250 | 1250 |
| ലയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ് | 1250 | 1250 |
| BSNL | 1250 | 1250 |
| കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് | 1250 | 1250 |
| മുത്തൂറ്റ് ഫിനാൻസ് | - | 1250 |
| ആകെ | 11,250/- | 12,500/- |

ഈടാക്കാനവശേഷിക്കുന്ന 23,750/-രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - അപാകങ്ങൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പ് | നടപടിക്രമം |
|---|---|---|
| 1 | 205 (ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിക്കുവാൻ |

| | | |
|---|---|---|
| | | ഉദ്യോഗസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി, ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205 (ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ |
| 3 | 205 (സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ |
| 4 | 205 (എഫ്II) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിനു മുൻപ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. |
| 5 | 205 (ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ |

എന്നാൽ മേൽ നടപടിക്രമങ്ങൾ പാലിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജാരക്കിയില്ല.

തൊഴിൽ നികുതി ഈടാക്കുന്നതിനായി സ്ഥാപന മേധാവികൾ സമർപ്പിച്ച വരുമാന പത്രികകളുടെയും തൊഴിൽ നികുതി രജിസ്റ്ററിന്റെയും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**i)** <u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

ചുവടെ വിശദാംശങ്ങൾ ചേർക്കുന്ന വ്യക്തികളിൽ നിന്നും 2017-18 രണ്ടാം അർദ്ധവർഷം ഈടാക്കേണ്ടിയിരുന്ന തൊഴിൽനികുതിയിൽ, കുറഞ്ഞ തുകയേ ഈടാക്കിയിട്ടുള്ളൂ.

| പേര് | സ്ഥാപനം | അർദ്ധവാർഷിക വേതനം | തൊഴിൽ നികുതി | | |
|---|---|---|---|---|---|
| | | | ഡിമാന്റ് | കളക്ഷൻ | കുറവ് |
| അരുൺ.സി.ദാസ് | KSRTC | 67951 | 600 | 180 | 420 |
| സുദർശനകുമാർ.എൽ.ആർ | ടി | 128969 | 1250 | 1000 | 250 |
| ഗോപിക.ആർ.ജി | ഗവ.ആയുർവേദ ഡിസ്പെൻസറി | 93600 | 750 | 600 | 150 |
| | | | | ആകെ | 820 |

കുറവുണ്ടായിട്ടുള്ള തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ii)** <u>വരുമാനപത്രികയിൽ ബോണസ്/ഉത്സവബത്ത, ലീവ് സറണ്ടർ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല</u>

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ബത്ത ഒഴികെയുള്ള എല്ലാ മാർഗങ്ങളിലും കൂടെയുള്ള ആകെ വരുമാനത്തിൻെറ അടിസ്ഥാനത്തിലാണ് തൊഴിൽനികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ ഓഫീസ് മേധാവികൾ സമർപ്പിക്കുന്ന വരുമാനപത്രിക അപൂർണമാണ്. പല പത്രികകളിലും അടിസ്ഥാന ശമ്പളം മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ബോണസ്/ഉത്സവബത്ത എന്നിവ ഉൾപ്പെടുത്താതെയാണ് പല സ്ഥാപനങ്ങളും വരുമാനപത്രിക സമർപ്പിച്ചിട്ടുള്ളത്. (ഉദാ:- KSRTC പൂവാർ, MVHSS അരുമാനൂർ) ജീവനക്കാർക്ക് ലീവ് സറണ്ടർ ഇനത്തിൽ ലഭിക്കുന്ന വരുമാനം പത്രികകളിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ തൊഴിൽനികുതി ഇനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. നിയമാനുസൃത പത്രിക വഴി തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**iii)** <u>തൊഴിൽനികുതി- രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല</u>

**(1)** അസ്സസ്മെൻറ് രജിസ്റ്റർ – നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്മെൻറ് രജിസ്റ്റർ 1996-ലെ കേരള പഞ്ചായത്തീരാജ് (നികുതി ചുമത്തലും അപ്പീലും) ചട്ടങ്ങൾ 5-ലെ മാതൃകയിൽ സൂക്ഷിക്കണം. എന്നാൽ പൂവാർ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

**(2)** ഡിമാൻറ് രജിസ്റ്റർ - തദ്ദേശസ്വയംഭരണസ്ഥാപനത്തിൻെറ കീഴിൽ തൊഴിൽ നികുതി ഈടാക്കാനുള്ള മുഴുവൻ സ്ഥാപനങ്ങളും വ്യാപാരികളും കമ്പനികളും വ്യക്തികളും ഉൾപ്പെട്ട രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിമാൻറ് രജിസ്റ്റർ , തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളും വ്യക്തികളും മാത്രം ഉൾപ്പെട്ടതാണ്.

**(3)** കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ **-** മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതി കുടിശ്ശിക ഡിമാൻറ് രജിസ്റ്ററിൽ ചേർക്കണം. എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഈ രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലാഹരണപ്പെടുകയും ചെയ്യും. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**(iv)** അംഗവൈകല്യം – സാക്ഷ്യപത്രം ഹാജരാക്കാത്തവരെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കി

ജി.ഒ (ആർ.ടി) 1366/90/ത.സ്വ.ഭ.വ തീയതി 27.03.1990 പ്രകാരം സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്നും 40 ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യം ഉള്ളതായി സാക്ഷ്യപത്രം ഹാജരാക്കുന്നവരെ തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്. എന്നാൽ പൂവാർ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കാത്തവരെയും തൊഴിൽനികുതിയിൽ നിന്നും ഒഴിവാക്കി.

ഉദാ :-

1. വൽസല, വെറ്ററിനറി ആശുപത്രി

2. മോഹനൻ.എസ്, വെറ്ററിനറി ആശുപത്രി

## 2-4 നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ വീഴ്ച

2016-17 സാമ്പത്തിക വർഷത്തിലെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിലും ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിലും 2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന കടകൾ, വ്യാപാരസ്ഥാപനങ്ങൾ, ബാറുകൾ/ സ്റ്റാർഹോട്ടലുകൾ, പെട്രോൾ പമ്പുകൾ, റേഷൻ കടകൾ, കരാറുകാർ, ബോട്ട് ക്ലബ്ബുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കുകയോ ഡി ആൻറ് ഒ ലൈസൻസ് ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) കടകൾ/വ്യാപാരസ്ഥാപനങ്ങൾ

1 ക്രിയേറ്റീവ് അഡ്വർടൈസ്

2 മൊബൈൽ മ്യൂസിക്ക് ഷോപ്പ്

3 ഹോളിഡേ ഹൗസ്

4 യുണൈറ്റഡ് കിച്ചൻസ്

5 കല്യാൺ ജുവലേഴ്സ്

6 എസ്.എസ്. ട്രേഡേഴ്സ്

7 ഡെയ്ലി ഫ്രെഷ് ബേക്കറി

8 ദീപം ഫ്ളോർ മിൽ

9 സെന്റ് ആന്റണീസ് ഹോളോബ്രിക്ക്സ്

10 അമ്മു മെഡിക്കൽ സ്റ്റോർ

11 അലീന ഡിസ്പെൻസറി

12 വി.എസ്. ഹോളോബ്രിക്ക്സ്

13 ഫൈവ് സ്റ്റാർ ഫാസ്റ്റ് ഫുഡ്

14 സിംല പച്ചക്കറിക്കട

15 ഫ്രണ്ട്സ് ഫാസ്റ്റ്ഫുഡ്

16 ഫാത്തിമ ടെക്സ്റ്റൈൽസ്

17 അനുജ ബേക്കറി

18 ലുലു ടോട്ടൽ ഷോപ്പിങ്ങ്

19 അമൃത വെജിറ്റേറിയൻ റെസ്റ്റോറന്റ്

20 പവർ പോയിന്റ്

21 മാതാ സ്റ്റോർ

22 പൂവാർ സ്പൈസസ്

23 പൂജാ ഫാൻസി

24 സൂര്യ ഇലക്ട്രിക്കൽസ്

25 അലങ്കാർ ഫാൻസി

26 എസ്.കെ.ട്രേഡേഴ്സ്

27 ദർശന ആക്ടിവിറ്റി ഗ്രൂപ്പ്

28 ബോയ്സ് മെൻസ് വെയർ

29 ഐഷ ഫുട്ട് വെയർ

30 തിരുവോണം ഫാസ്റ്റ് ഫുഡ്

31 ശാന്തി സ്റ്റോർ

32 സൂര്യ സോഡ

33 ന്യൂ സൂപ്പർ മാളൂർ സോഡ യൂണിറ്റ്

34 SPM ഇലക്ട്രിക്കൽസ്

35 ഹൈടെക്ക് മൊബൈൽസ്

36 വിഷ്ണു എന്റർപ്രൈസസ്

37 അമ്പാടി സ്റ്റോഴ്സ്

38 എസ്.കെ. വെജിറ്റബിൾസ്

39 പാലാഴി പൗൾട്രി ഫാം

40 സ്പാർക്ക് പലവ്യഞ്ജനക്കട

41 ആലുംപ്ളാവിൽ ട്രേഡേഴ്സ്

42 കാർത്തിക സ്റ്റോർ

43 ക്യാപിറ്റൽ വുഡ്

44 മാതാ ഗിഫ്റ്റ് & ഫാൻസി

45 പ്രശാന്തി പൂജാ ഹോംസ്

46 കൃഷ്ണാ ടെയിലറിങ്ങ് ഷോപ്പ്

ബി) ബോട്ട് ക്ലബ്ബുകൾ

(എ) പുലരി

(ബി) ഫ്ളവേഴ്സ്

(സി) താജ്

(ഡി) ഷാലോം

(ഇ) കേരള

(എഫ്) സായ്

(ജി) മഹീന്ദ്ര

(എച്ച്) ലീല

(ഐ) നെയ്യാർ

(ജെ) കൈരളി

(കെ) അർജ്ജുന

സി) പെട്രോൾ പമ്പുകൾ

(എ) ഭാസുരം ഫ്യുവൽസ്

(ബി) ബാലകൃഷ്ണൻ ഫ്യുവൽസ്

ഡി) ബാറുകൾ/സ്റ്റാർ ഹോട്ടലുകൾ

ബി.സുരേന്ദ്രദാസ്,ഹോട്ടൽ ഗീതു ഇന്റർനാഷണൽ

മേൽ വിഷയം പരിശോധിച്ച് ലൈസൻസ് നൽകാനും പ്രസ്തുത സ്ഥാപങ്ങളിലെ തൊഴിലാളികളിൽ നിന്നും തൊഴിൽനികുതി പിരിക്കാനും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്.

## 2-5 സേവന ഉപനികുതി ചുമത്തുന്നില്ല

ജലവിതരണം, തെരുവ് വിളക്ക് പരിപാലനം എന്നീ സേവനങ്ങൾ പൂവാർ പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 200(2) വകുപ്പ് പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്താവുന്നതാണ്. ജലവിതരണത്തിന് വസ്തുനികുതിയുടെ 3% ൽ കുറയാത്ത തുകയും തെരുവ് വിളക്കിന് 2% ൽ കുറയാത്ത തുകയും സേവനഉപനികുതിയായി ചുമത്താവുന്നതാണ്. തനത് വരുമാന വർദ്ധനവിനായി പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തി പരമാവധി വിഭവ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി സ്വീകരിക്കേണ്ടതാണ്.

## 2-6 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28.9.13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ

എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് നേടുന്നില്ല

2017 – 2018 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് അഞ്ച് പത്രപ്പരസ്യങ്ങൾ കൊടുത്തിട്ടുണ്ട്. 04.01.2011 ലെ സർക്കാർ ഉത്തരവ് നമ്പർ ജി ഒ ( ആർ ടി) 1/2011/ പി ആന്റ് എ ആർ ഡി പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ പത്രപ്പരസ്യങ്ങൾക്ക് 15 % ഡിസ്കൗണ്ട് അനുവദിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൻ പ്രകാരമുള്ള ഡിസ്കൗണ്ട് പഞ്ചായത്ത് നേടിയിട്ടില്ല.ആകെ അഞ്ച് പരസ്യങ്ങളിലായി 32,693/- രൂപയാണ് പഞ്ചായത്ത് 2017 -18 ൽ ഇതിനായി ചെലവാക്കിയത്.ഡിസ്കൗണ്ട് നേടിയിരുന്നെങ്കിൽ ഈ ഇനത്തിൽ പഞ്ചായത്തിന് 4,904/- രൂപ ലാഭം ഉണ്ടാകുമായിരുന്നു.

### 3-2 വാഹനപരിപാലനം സംബന്ധിച്ച രേഖകൾ പരിപാലിക്കുന്നില്ല

1) ഗ്രാമപഞ്ചായത്തിന്റെ കെ എൽ 19 ബി 9962 എന്ന ബൊലീറോ വാഹനത്തെ സംബന്ധിച്ച് കേരളാ ഫൈനാൻഷ്യൽ കോഡ് വാല്യം II ൽ പ്രതിപാദിക്കുന്ന ഫാറം 48 എ ( സമ്മറി ഓഫ് ലോഗ്ബുക്ക്), ഫാറം 48 സി (മെയിന്റനൻസ് ആന്റ് റിപ്പയർസ് അക്കൗണ്ട്) എന്നീ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

2)ഇന്ധനക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം ഇല്ല.

ജി.ഒ.(എം.എസ്) 170/07/ത.സ്വ.ഭ.വ. തീയതി 30.6.2007 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-3 ബീച്ച് റോഡ് കൾവർട്ട് നിർമ്മാണം- അധിക അളവും അധിക നിരക്കും നൽകി - 2006/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | : ബീച്ച് റോഡ് കൾവർട്ട് നിർമ്മാണം |
| പ്രോജക്ട് നമ്പർ | : 150 /17-18 |
| അടങ്കൽ തുക | : 4,99,000/- |
| ചെലവ് തുക | : 498950 |
| കോൺട്രാക്ടർ | : റെനേഷ് ജിയോ |
| എം.ബുക്ക് | : 414/17-18 |
| ഫണ്ടിനം | : മെയിന്റനൻസ് ഫണ്ട് (റോഡ്) |
| എസ്റ്റിമേറ്റ് ആധാരം | : DSR 16 with CI 50.98% |

സൂചിത പ്രവൃത്തിയിൽ കൾവർട്ടിനോടൊപ്പം 6.80 മീറ്റർ നീളത്തിലുള്ള ഓടയും നിർമ്മിച്ചിട്ടുണ്ട്. 3.5 മീറ്റർ നീളത്തിൽ 1.4 മീറ്റർ വീതിയിൽ ഒരു ഭാഗവും, 3.3 മീറ്റർ നീളത്തിൽ 1.10 മീറ്റർ വീതിയിൽ മറ്റൊരു ഭാഗവും ഓടയുടെ നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്ത് കുഴി എടുത്തിട്ടുണ്ട്. PCC 1:3:6 ചെയ്തപ്പോൾ $3.5x1.8x0.10=0.63m^3$

ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. 3.5x1.4x0.10 = 0.49 $m^3$ എന്ന അളവാണ് രേഖപ്പെടുത്തേണ്ടത്. ഓടയുടെ സൈഡ് വാൾ നിർമ്മാണത്തിന് DSR code 11.4.2.1 പ്രകാരം 7890.44/$m^3$ എന്ന നിരക്ക് നൽകുന്നതിന് പകരം 12.5.1.1. കോഡു പ്രകാരം 8345.65/$m^3$ എന്ന നിരക്ക് നൽകിയിരിക്കുന്നു. ഈ അപാകത ഉന്നയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 36 ന് മറുപടി ലഭ്യമാക്കിയില്ല.

അധിക അളവിലൂടെ നഷ്ടമായ തുക (ഇനം 2)

| | | |
|---|---|---|
| നൽകിയ തുക | = 0.63x6879.03 | = 4333.79 |
| നൽകേണ്ട തുക | = 0.49 x 6879.03 | = 3370.70 |
| അധികമായി നൽകിയ തുക | = 963.09 | |

അധിക നിരക്കിലൂടെ നഷ്ടമായ തുക (ഇനം 4)

| | | |
|---|---|---|
| നൽകിയ തുക | = 2.291x8345.65 | = 19119.89 |
| നൽകേണ്ട തുക | = 2.291 x 7890.44 | = 18076.99 |
| അധികമായി നൽകിയ തുക | = 1042.90 | |

ആകെ തുകയായ 2,006/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് പരിപാലനം-അപാകങ്ങൾ

പ്രോജക്ട് നം - so22/18

അടങ്കൽ - 5,19,000/- ധനകാര്യകമ്മീഷൻ

ഗ്രാമപഞ്ചായത്തുകളിൽ സാധനസാമഗ്രികൾ വാങ്ങുന്നതിന് ജി.ഒ(പി)3/2013/ എസി.പി.ഡി. തീയതി 21.6.2013 എന്ന സർക്കാർ ഉത്തരവ് പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 6.1 പ്രകാരം കഴിഞ്ഞ 3 മുതൽ 5 വർഷങ്ങളിലെ ഉപയോഗം മുൻനിർത്തി ഓരോ വർഷവും ആവശ്യമായ സാധനങ്ങളുടെ പട്ടിക വർഷാരംഭത്തിന് മുൻപ് തയ്യാറാക്കി, ആവശ്യമായ തുക ബജറ്റിൽ വകയിരുത്തി വിലക്കുറവുള്ള സീസണിൽ സാധനങ്ങൾ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശം പാലിക്കാതെ 2017-18 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി വിവിധ ബൾബുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1)** തെരുവു വിളക്ക് രജിസ്ററർ പരിപാലിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ അധീനതയിലുള്ള പോസ്ററുകളുടെ എണ്ണം, ബൾബുകളുടെ എണ്ണം എന്നിവയുടെ കൃത്യത നിർണ്ണയിക്കാനാവശ്യമായ രേഖകളില്ല.

**2)** പ്രോജക്ടിനായി വാങ്ങിയ ബൾബുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

**3)** കെ.എസ്. ഇ .ബി യുടെ ഇൻസ്ററലേഷൻ പൂർത്തികരിച്ച റിപ്പോർട്ട് ലഭ്യമല്ല.

**4)** കെ എസ്.ഇ.ബി.യും പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

**5)** മീറ്ററിംഗ് സംവിധാനം നിലവിലില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

**1)** തെരുവു വിളക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

**2)** സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

**3)** കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി മീറ്റിംഗ് സംവിധാനം ഏർപ്പെടുത്തണം.

**4)** വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

## 3-5 എ എം സി വയ്ക്കലിലെ അപാകങ്ങൾ

ഗ്രാമപ്പഞ്ചായത്ത് കെൽട്രോണുമായി ചേർന്ന് നടപ്പാക്കിയ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി വയ്ക്കൽ (SOO06/18) പദ്ധതിയിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

**1)** കരാറിലെ ഖണ്ഡിക 2.18 പ്രകാരം കരാറുകാരന്റെ പ്രവൃത്തി തൃപതികരമല്ലെങ്കിൽ കരാർ റദ്ദാക്കാവുന്നതാണ്. എന്നാൽ അത്തരത്തിൽ കരാർ റദ്ദാക്കുമ്പോൾ കരാർ തുക തിരികെ ലഭിക്കാൻ വ്യവസ്ഥയില്ല.

**2)** കരാറിലെ ഖണ്ഡിക 2.2,2.14 എന്നിവ പ്രകാരം വർഷത്തിൽ നാല് തവണ “preventive maintenance, general servicing' എന്നിവ നടത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പ്രവൃത്തി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

**3)** ഖണ്ഡിക 2.11 പ്രകാരം " data recovery” നടത്താൻ വ്യവസ്ഥയില്ല. ഗ്രാമപ്പഞ്ചായത്തിന്റെ വിലപ്പെട്ട രേഖകൾ നഷ്ടമാകാൻ ഇത് കാരണമാകുന്നു.

**4)** കരാറിലെ അനുബന്ധം അനുസരിച്ച് ലാപ് ടോപിനുള്ള എ.എം.സി. 8,000/- രൂപയാണ്. ഇത് ലാപ് ടോപിന്റെ ആകെ വിലയുടെ മൂന്നിലൊന്ന് ആണ്. ലേസർജെറ്റ് പ്രന്റർനുള്ള (HP 1536) എ.എം.സി 3,000/- രൂപയാണ്. ഇത് പ്രിന്ററിന്റെ ആകെ വിലയുടെ പകുതി വരും. ഇത്തരത്തിൽ ഉയർന്ന തുകയ്ക്ക് എ എം സി വയ്ക്കുന്നത് നഷ്ടമാണ്. ആയതിനാൽ കൂടുതൽ ലാഭകരമായി എ എം സി നല്കാൻ തയ്യാറുള്ള ഏജൻസികൾക്ക് വേണം എ എം സി കരാർ കൊടുക്കാൻ. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - 121241/- രൂപ തടസ്സപ്പെടുത്തുന്നു.

2017-18ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | നിർവഹണ ഉദ്യോഗസ്ഥൻ | നമ്പർ | അടങ്കൽ | ചെലവ് | ഫണ്ട് ഇനം | ബിൽ നം. |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ജലശ്രീ പദ്ധതിക്ക് വിഹിതം നൽകൽ | സെക്രട്ടറി | So89/18 | 100000 | 100000 | വികസന ഫണ്ട് | 50/17-18 9.10.2017 |
| 2 | എരിക്കലുവിള ഹൈമാസ്റ്റ് പ്രവർത്തനക്ഷമമാക്കൽ | സെക്രട്ടറി | So54/18 | 21241 | 21241 | വികസന ഫണ്ട് | 22/17-18 17.7.2017 |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 121241/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പൊതുടാപ്പിന്റെ വെള്ളക്കരം അധികമായി അടയ്ക്കുന്നു

പൊതുടാപ്പിന്റെ വെള്ളക്കരം അടയ്ക്കാനായി SO04/18 അനുസരിച്ച് 87,912/- രൂപ അടങ്കൽ വയ്ക്കുകയും ചെലവാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ബില്ലുകൾ പ്രകാരം 240 ടാപ്പുകൾക്കാണ് പഞ്ചായത്ത് കുടിവെള്ളക്കരം അടയ്ക്കുന്നത്. എന്നാൽ 16.08.2018ലെ സംയുക്ത പരിശോധന പ്രകാരം 141 ടാപ്പുകളെ പഞ്ചായത്തിന് ഉള്ളൂ. അധികമായി അടച്ച തുക വരും നാളുകളിലെ ബില്ലുകളിൽ ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, മേലിൽ ഉപയോഗത്തിലുള്ള ടാപ്പുകൾക്ക് മാത്രം വെള്ളക്കരം അടയ്ക്കേണ്ടതുമാണ്. കൂടാതെ, പൊതുടാപ്പ് സംബന്ധിച്ച രജിസ്ററർ പരിപാലിക്കേണ്ടതുമാണ്. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടതും വരുമാന നഷ്ടം ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള ജലാശയ നവീകരണം-നീക്കം ചെയ്യപ്പെടുന്ന മണ്ണിന്റെ പുനരുപയോഗം ഉറപ്പാക്കുന്നില്ല - അടിയന്തിര ശ്രദ്ധ നൽകണം

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ സാധന ഘടകങ്ങൾ ആവശ്യമായ പ്രവൃത്തികളിൽ "ആഴം വർദ്ധിപ്പിക്കുക" ലക്ഷ്യം വച്ച് നടപ്പിലാക്കിയ ജലാശയങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ നീക്കം ചെയ്ത മണ്ണിന്റെ പുനരുപയോഗം ഉറപ്പാക്കുവാൻ MGNREGS വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. പനച്ചമൂട് കുളം പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ഭാഗമായി നീക്കം ചെയ്ത (2488.30 ഘന മീറ്റർ) ചെളി, മണ്ണ് ലേലം ചെയ്തതായോ, മറ്റു പ്രവൃത്തികൾക്ക് ഉപയോഗിച്ചതായോ ഉള്ള വിവരം ലഭ്യമാക്കിയില്ല. കൂടാതെ സമാനമായ മറ്റ് പ്രവൃത്തികളിലും നീക്കം ചെയ്യപ്പെടുന്ന മണ്ണിന്റെ പുനരുപയോഗം ലഭ്യമാക്കിയിട്ടില്ല. സൂചിത പ്രവൃത്തികളിൽ നീക്കം ചെയ്യപ്പെടുന്ന മണ്ണിന്റെ ഉപയോഗ ലഭ്യത/ശൂന്യത അളവു പുസ്തകങ്ങളിൽ അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39) പഞ്ചായത്തിനെ വിവരം അറിയിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇതിൻമേൽ ഭരണസമിതി സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ആയുർവേദ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ–നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | 94/2018 |
| പ്രോജക്ടിൻറെ പേര് | : | ആയുർവേദ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| ഫണ്ടിനം | : | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ തുക | : | 6,00,000/- രൂപ |

| | | |
|---|---|---|
| ചെലവ് | : | 6,00,000/- രൂപ |
| ബിൽനം. | : | 4/17-18 തീയതി 21.10.2017 |
| 2.പ്രോജക്ട് നം. | : | 100/2017-2018 |
| പ്രോജക്ടിൻറെ പേര് | : | വൃദ്ധജനങ്ങൾക്ക് ആയുർവേദപരിപാലനം |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി. |
| ഫണ്ടിനം | : | വികസനഫണ്ട് (ജനറൽ) |
| അടങ്കൽ തുക | : | 3,00,000/- രൂപ |
| ചെലവ് | : | 3,00,000/- രൂപ |
| ബിൽനം. | : | 5/2017-2018 തീയതി 21.10.2017 |

കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തു വരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യ സ്ഥാപനത്തിലെ മരുന്നു വിതരണത്തിൻറെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിനു വേണ്ടി തുക ചെലവഴിയ്ക്കാനോ പാടില്ല. (ജി.ഒ.(എം.എസ്.)72/2017 ത.സ്വ.ഭ.വ. തീയതി 29.3.2017) എന്നാൽ പ്രോജക്ട് നം.94,100 എന്നിവയിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നു വാങ്ങിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നത് നഷ്ടപ്പെട്ടിട്ടുള്ളതായും പകർപ്പ് ലഭ്യമാക്കി ഹാജരാക്കുന്നതിന് ഒരു മാസത്തെ സമയം വേണമെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ രണ്ടു പ്രോജക്ടുകൾക്കുമായി ചെലവഴിച്ച 9,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 അവഗണിക്കപ്പെട്ട വിദ്യാഭ്യാസമേഖല

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഗവൺമെന്റ് മേഖലയിൽ 3 ലോവർ പ്രൈമറി സ്കൂളുകളും ഒരു അപ്പർ പ്രൈമറി സ്കൂളും ഒരു എയ്ഡഡ് സ്കൂളും പ്രവർത്തിച്ചു വരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം എൽ.പി. സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാവശ്യമായ കളിക്കോപ്പ് ഉപകരണങ്ങൾ, ഫർണിച്ചറുകൾ, സ്മാർട്ട് ക്ലാസ്സുകൾ, സ്കൂൾ വാഹനങ്ങൾ, ബയോഗ്യാസ് പ്ലാന്റുകൾ, കമ്പോസ്റ്റ് പിറ്റുകൾ, പ്രോജക്ടറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ഇല്ലെന്ന് വ്യക്തമാകുന്നു. കൂടാതെ 2017-18 വർഷത്തെ പ്രോജക്ട് ആശയങ്ങൾ എന്ന പേജിൽ 4 ഗവ. സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ് റൂം സംവിധാനം ഏർപ്പെടുത്തുക,എല്ലാ സ്കൂളുകളിലും ഫർണിച്ചറുകൾ ലഭ്യമാക്കുക, എൽ.പി.സ്കൂൾ വിദ്യാർത്ഥികൾക്ക് കളിക്കോപ്പുകൾ നൽകുക, ഇന്റർനെറ്റ് കണക്ഷൻ നൽകുക എന്നീ പദ്ധതി ആശയങ്ങൾ ആവിഷ്കരിച്ചു. കൂടാതെ വിദ്യാഭ്യാസ വർക്കിങ്ങ് ഗ്രൂപ്പ് 03.05.2017, 06.01.2018 17.02.2018 എന്നീ ദിവസങ്ങളിൽ കൂടിയ യോഗങ്ങൾ മേൽവിവരിച്ച ആശയങ്ങൾ പദ്ധതികളാക്കാൻ വിദ്യാഭ്യാസ- ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ശുപാർശ നൽകി. എന്നാൽ അത്തരം പദ്ധതികൾ ഒന്നും തന്നെ 2017-18 വർഷത്തിൽ നടപ്പാക്കിയിട്ടില്ല.

വിദ്യാഭ്യാസ മേഖലയിൽ അംഗീകാരം വാങ്ങിയ നടപ്പാക്കിയതും അല്ലാത്തതുമായ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| SO016/17-18 | അരുമാനൂർതുറ LPSന് കമ്പ്യൂട്ടർ, മൈക്ക്സെറ്റ് വാങ്ങൽ | 21020 (ധനകാര്യകമ്മീഷൻ അവാർഡ്) | 20000 |
| SO057/17-18 | SSA വിഹിതം നൽകൽ 2017-18 | 900000 (വികസനഫണ്ട്) | 900000 |
| SO058/17-18 | SSA വിഹിതം നൽകൽ 2017-18(SC) | 300000 (SCP) | 300000 |
| SO103/17-18 | SC വിദ്യാർത്ഥികൾക്ക് സൈക്കിൾ | 400000 (SCP) | 0 (നടപ്പിലാക്കിയില്ല) |
| SO202/17-18 | എൽ.പി സ്കൂളുകൾക്ക് കളിക്കോപ്പുകൾ, ഉപകരണങ്ങൾ വാങ്ങൽ | 160000 (വികസനഫണ്ട്) | 0 (നടപ്പിലാക്കിയില്ല) |

മേൽ വിവരിച്ച പദ്ധതികളിൽ ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 23.03.2018 ൽ യോഗം കൂടി ശുപാർശ നൽകിയ എൽ.പി സ്കൂളുകൾക്ക് കളിക്കോപ്പുകൾ,ഉപകരണങ്ങൾ വാങ്ങൽ (SO202/17-18), SCവിദ്യാർത്ഥികൾക്ക് സൈക്കിൾ (SO103/17-18) എന്നീ പദ്ധതികൾ നടപ്പിലാക്കിയില്ല. ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റി വിദ്യാഭ്യാസ മേഖലയിലെ ആവശ്യങ്ങൾ നേരിട്ട് കണ്ടെത്തി ചർച്ച ചെയ്ത് സമയബന്ധിതമായി ശുപാർശകൾ നൽകിയിട്ടില്ല. തുടർന്ന് വരുന്ന വർഷങ്ങളിൽ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പും സ്റ്റാന്റിങ്ങ് കമ്മിറ്റിയും വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ മുൻഗണനാക്രമത്തിൽ കണ്ടെത്തി പഞ്ചായത്ത് കമ്മിറ്റിക്ക് ശുപാർശ നൽകേണ്ടതും ജനറൽ കമ്മിറ്റി അർഹിക്കുന്ന പ്രാധാന്യത്തോടെ പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പാക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 3-11 അങ്കണവാടി - ഭൗതിക സൗകര്യങ്ങളുടെ അഭാവം

i)പരിമിതമായ ഭൗതികസൗകര്യങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പരിധിൽ ഉള്ള 30 അംഗനവാടികളിൽ ഭൗതികസൗകര്യങ്ങൾ പരിമിതമായവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കുടിവെള്ളസൗകര്യം ഇല്ലാത്തവ | 6 |
| വൈദ്യുതി ഇല്ലാത്തവ | 4 |
| ചുറ്റുമതിൽ ഇല്ലാത്തവ | 18 |
| ശുചിമുറി സൗകര്യം ഇല്ലാത്തവ | 2 |

2017-18 ലെ സബ്സിഡി മാർഗരേഖയിൽ [ജി.ഒ (എം.എസ്) നം.72/2017/തസ്വഭവ തീയതി 29.03.2017] അങ്കണവാടികൾക്ക് ഭൗതികസൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പ്രോജക്ടുകൾ ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ കടുത്ത അപര്യാപ്തത നിലനിൽക്കെ 2017-18 ൽ ആകെ പദ്ധതി അടങ്കലിന്റെ 0.13% മാത്രമാണ് അംഗനവാടികളിലെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള

പദ്ധതിക്കായി മാറ്റിവച്ചത്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 77,420/- രൂപ മാത്രം അടങ്കൽ വച്ചപ്പോൾ കളിക്കോപ്പുകൾ വാങ്ങുന്നതിനായി SO201/18 പ്രകാരം 2,00,000/- രൂപ അടങ്കൽ വച്ചിരുന്നു. എന്നാൽ ഇരു പദ്ധതികളും നടപ്പാക്കിയിട്ടില്ല.

**ii)** ഭൗതികസൗകര്യങ്ങൾ അപര്യാപ്തം - സ്ഥലപരിശോധന വിവരണം

**a)** അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം

മേൽ ഖണ്ഡികയിൽ പരാമർശിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന്റെ സമീപത്തുള്ള അംഗനവാടി സെന്റർ നം. 9 ൽ ഓഡിറ്റ് ടീം സന്ദർശനം നടത്തുകയുണ്ടായി. പൂവാർ ഗവ.എൽ.പി.എസിനു സമീപത്ത് 2 മുറികളുള്ള ഒരു വാടകക്കെട്ടിടത്തിലാണ് (നം.13/316) അംഗനവാടി പ്രവർത്തിക്കുന്നത്. മുറികളിൽ ഒന്ന് അടുക്കളയായി ഉപയോഗിക്കുന്നു. 13 കുട്ടികളുടെ പേർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 7 പേർ മാത്രമാണ് സ്ഥിരമായി വരുന്നതെന്ന് ഹാജർ പുസ്തക പരിശോധനയിൽ വ്യക്തമായി. എന്നാൽ അത്രയും പേരെ ഉൾക്കൊള്ളാനുള്ള സ്ഥലസൗകര്യം കെട്ടിടത്തിനില്ല. ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാനുള്ള സ്ഥലപരിമിതി നിമിത്തം ഹെഡ്ക്വാർട്ടർ അംഗനവാടിയായ സെന്റർ നം. 25 (അരുമാനൂർ ന്യൂ എൽ.പി.എസ്) ൽ നിന്നും ആഴ്ചയിൽ ഒരിക്കലാണ് സ്റ്റോക്ക് കൊണ്ടു വരുന്നത്. കുടിവെള്ളത്തിന്റെയും ശുചിമുറിയുടെയും അഭാവം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കാനും കുട്ടികളുടെ എണ്ണം കുറയാനും കാരണമാകും.

**b)** സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഭാഗത്തെ വീഴ്ച

സെന്റർ നം 9 ന്റെ അംഗനവാടി ലെവൽ മോണിറ്ററിങ്ങ് & സപ്പോർട്ടിങ്ങ് കമ്മിറ്റിയുടെ യോഗങ്ങളിൽ, മുൻപ് പ്രവർത്തിച്ചിരുന്ന സുരക്ഷിതമല്ലാത്ത താൽക്കാലിക ഷെഡിൽ നിന്ന് മാറ്റി സൗകര്യപ്രദമായ മറ്റൊരു കെട്ടിടത്തിലേക്ക് അംഗനവാടി മാറ്റി പ്രവർത്തനമാരംഭിക്കുന്ന വിഷയം ചർച്ച ചെയ്യപ്പെട്ടിരുന്നു. 03.05.2017 ന് നടന്ന വർക്കിങ്ങ് ഗ്രൂപ്പ് (സ്ത്രീകളുടെയും കുട്ടികളുടെയും വികസനം) യോഗത്തിൽ 9-ാം നമ്പർ അംഗനവാടിക്ക് പൂവാർ എൽ.പി.എസിലെ ക്ലാസ് റൂം ലഭ്യമാക്കണമെന്ന് നിർദ്ദേശമുയർന്നെങ്കിലും 22.05.5017 ൽ നടന്ന ക്ഷേമകാര്യ സ്ററാന്റിങ്ങ് കമ്മിറ്റിയിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടില്ല. 2017-18 ൽ പദ്ധതികൾ അംഗീകാരം വാങ്ങാൻ നിർവഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകി തീരുമാനിച്ച 23.05.2017 ലെ ഭരണസമിതി യോഗത്തിലും അംഗനവാടികളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഉൾപ്പെട്ടിരുന്നില്ല.

വിഷയമേഖലയിലെ പ്രശ്നപരിഹാരത്തിനു വേണ്ട പദ്ധതികൾ സമയബന്ധിതമായി ആസൂത്രണം ചെയ്യാനും നിർവഹിക്കാനും വേണ്ട ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ മേൽ വിഷയത്തിൽ ക്ഷണിക്കുന്നു.

## 3-12 കാർഷികമേഖല – ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ അനിവാര്യം

2017-18 വർഷത്തിൽ കാർഷികമേഖലയിലെ പ്രവർത്തനങ്ങൾക്കായി 8 പദ്ധതികളും കൃഷിഭവനിലെ പശ്ചാത്തലവികസനത്തിന് (കമ്പ്യൂട്ടർ വാങ്ങൽ) 1 പദ്ധതിയും ഉൾപ്പെടെ 9 പദ്ധതികൾക്കായി 18,79,670/- രൂപ വകയിരുത്തി അംഗീകാരം വാങ്ങി. എന്നാൽ അതിൽ SO 171/17-18 (കിണർ റീ ചാർജിങ്- അടങ്കൽ തുക – 3,75,000/- രൂപ) SO 203/17-18 (ജൈവ വൈവിധ്യ പരിപാലന പ്രവർത്തനം - അടങ്കൽ തുക – 1,00,000/- രൂപ) എന്നിവ നടപ്പിലാക്കാതെ ഉപേക്ഷിക്കുകയും ചെയ്തു. പശ്ചാത്തല വികസനത്തിനുള്ള SO 084/17-18 എന്ന പദ്ധതിക്കായുള്ള 50,000/-രൂപ ഒഴികെയുള്ള അടങ്കൽ തുകയായ 18,29,670/-രൂപയിൽ 5,98,265/-രൂപ

മാത്രമാണ് ചെലവ് ചെയ്തത്. വിവിധ പദ്ധതികളുടെ ചെലവ് താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നമ്പർ | അടങ്കൽ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|---|
| 1 | SO007/17-18 | 112500 | 41700 | 37 |
| 2 | SO008/17-18 | 220000 | 51484 | 23.4 |
| 3 | SO009/17-18 | 68700 | 68700 | 100 |
| 4 | SO010/17-18 | 84170 | 13000 | 15 |
| 5 | SO083/17-18 | 49780 | 34017 | 68 |
| 6 | SO084/17-18 (കമ്പ്യൂട്ടർ വാങ്ങൽ) | 50000 | 48225 | 96 |
| 7 | SO163/17-18 | 365100 | 365100 | 100 |
| 8 | SO171/17-18 | 300000 | 0 | 0 |

കൃഷിയും അനുബന്ധമേഖലയുടെയും വർക്കിങ്ങ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ 2017-18 വർഷത്തിൽ 4 യോഗങ്ങൾ കൂടിയതായും വിവിധ ഇനങ്ങളിലുള്ള കൃഷികൾക്കായി പദ്ധതികൾ ശുപാർശ ചെയ്തതായും കാണുന്നു. അതിൽ തരിശായി കിടക്കുന്ന സ്ഥലങ്ങൾ ജലസേചനം നടത്തി കൃഷിക്ക് അനുയോജ്യമാക്കുക, വെറ്റിലകൊടി കൃഷി ചെയ്യുന്നവർക്ക് ആനുകൂല്യം നൽകുക, വാഴകൃഷി ചെയ്യുന്നവർക്ക് സബ്സിഡി എന്നീ പദ്ധതികൾക്കായുള്ള ശുപാർശകൾ നടപ്പിലായില്ല.

പഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ കൃഷിയ്ക്ക് അനുയോജ്യമായ 301 ഹെക്ടർ ഭൂമിയുള്ളതായും അതിൽ 150 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യുന്നതായും 433 ഹെക്ടർ തരിശ് ഭൂമിയാണെന്നും വ്യക്തമാകുന്നു. തരിശ് ഭൂമി കൃഷിക്ക് അനുയോജ്യമാക്കുന്നതിനായുള്ള യാതൊരു നടപടിയും ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

SO009/17-18 നമ്പർ സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതി പ്രകാരം നെൽകൃഷി വികസനത്തിനായി 68,700/- രൂപ മാത്രമാണ് വകയിരുത്തി ചെലവ് ചെയ്തത്. 3 ഹെക്ടറിൽ നെൽകൃഷി ചെയ്യുന്ന പഞ്ചായത്തിൽ നെൽകൃഷിവികസനത്തിനായി 68,700/- രൂപ മാത്രം വകയിരുത്തിയത് നിർവഹണ ഉദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും വീഴ്ചയാണ്. 2017-18 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ ഒരു പദ്ധതിയിലും മോണിറ്ററിങ്ങ് നടത്താൻ സമിതിയ്ക്ക് സാധിച്ചിട്ടില്ല. വരുംവർഷങ്ങളിൽ നെൽകൃഷി കർഷകർക്ക് വേണ്ടത്ര അവബോധം നൽകി ആ മേഖലയിൽ കൂടുതൽ തുക വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്യുന്നതിന് ഭരണസമിതിയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ നൽകേണ്ടതാണ്.

## 3-13 ജൈവസമൃദ്ധി - പദ്ധതി നടത്തിപ്പിൽ അപാകം - വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

പദ്ധതിയുടെ നമ്പർ : SO163/17-18

പദ്ധതിയുടെ പേര് : ജൈവസമൃദ്ധി

നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പദ്ധതി അടങ്കൽ : വികസനഫണ്ട് - 3,24,300

ബ്ലോക്ക് പഞ്ചായത്ത് വിഹിതം : 20,400/-

ജില്ലാ പഞ്ചായത്ത് വിഹിതം : 20,400/-

ഗുണഭോക്തൃവിഹിതം(നേരിട്ടുള്ള ചെലവ്) : 1,35,300/-

ആകെ : 5,00,400/- രൂപ

ആകെ ചെലവ് : 3,65,100/- രൂപ

ചെക്ക് നമ്പർ : JC : 6394529 /28.03.2018 – 40,800/- രൂപ

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 5/17-18 | 19.01.2018 | 15,000 |
| 6/17-18 | 19.01.2018 | 30,000 |
| 13/17-18 | 13.03.2018 | 97,755 |
| 14/17-18 | 16.03.2018 | 1,81,545 |
| ആകെ | | **3,24,300** രൂപ |

കൃഷിയും അനുബന്ധമേഖലയും വർക്കിങ്ങ് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജൈവ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് പരിധിയിലെ 45 കുടുംബശ്രീ സമിതികൾ വഴി 60 യൂണിറ്റ് നൽകിയ പദ്ധതിയാണിത്. ഒരു യൂണിറ്റിന് 4,655/- രൂപയും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി 680/- രൂപയും ഉൾപ്പെടെ 5,335 രൂപ വീതം നൽകി. 45,000/- രൂപ പച്ചക്കറി വിത്ത് പാക്കറ്റുകൾക്കായി പെരിങ്ങമ്മല ഫാമിന് നൽകി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെ വിവരിക്കുന്ന അപാകതകൾ കണ്ടെത്തി.

**1.** ജൈവസമൃദ്ധി എന്ന പദ്ധതി കൃഷിയും അനുബന്ധമേഖലയും വർക്കിങ്ങ് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയത്. എന്നാൽ ബന്ധപ്പെട്ട മേഖലയിലെ വർക്കിങ്ങ് ഗ്രൂപ്പിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

**2.** പദ്ധതി പ്രകാരം 45 കുടുംബശ്രീ യൂണിറ്റുകൾക്ക് ധനസഹായം ലഭിച്ചു. എന്നാൽ കൺമണി എന്ന കുടുംബശ്രീ യൂണിറ്റ് മാത്രമാണ് സി,ഡി.എസിൽ (Community Developmenmt Society) രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബാക്കി 44 കുടുംബശ്രീ യൂണിറ്റുകളുടെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല.

**3**. ധനസഹായം ലഭിച്ച ഒരുമ, പട്ട്യക്കാല, വന്ദന, ശ്രീനയിനാർദേവ, അനുഗ്രഹ, നവോദയ, ചെക്കടി, മാതാ, ധനലക്ഷ്മി എന്നീ കുടുംബശ്രീ യൂണിറ്റുകൾ പാട്ടക്കൃഷിക്കായി ലഭ്യമായ ഭൂമിയുടെ 2017-18 വർഷത്തിൽ അടച്ച കരം രസീതുകൾ ഹാജരാക്കിയിട്ടില്ല.

**4**. പാഞ്ഞു എന്ന കുടുംബശ്രീ യൂണിറ്റ് ഒഴികെയുള്ള 44 യൂണിറ്റുകളും ജൈവപച്ചക്കറി കൃഷിക്കായി ഭൂമി നൽകിയ

ഭൂവുടമയുമായി കരാറിൽ ഏർപ്പെട്ട പാട്ടക്കൃഷി ചീട്ടുകൾ ഹാജരാക്കിയിട്ടില്ല.

മേൽവിവരിച്ച അപാകങ്ങൾക്ക് വിശദീകരണം നൽകുന്നതിനായി 29.12.2018 ന് 38/18-ാം നമ്പരായി നൽകിയ അന്വേഷണക്കുറിപ്പിന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ പദ്ധതി നിർവഹണവും മോണിറ്ററിംഗുമായി ബന്ധപ്പെട്ട് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയുണ്ടാവണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-14 ഓഡിറ്റ് ഇംപാക്ട്

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പദ്ധതി നം SOO24/18 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രകാരം 6,19,889/- രൂപ അടങ്കൽ വയ്ക്കുകയും 13.10.2017 ലെ ബിൽ നം 23/2018 പ്രകാരം 6,19,500/- രൂപ എസ് കെ ഇലക്ട്രിക്കൽസിന് കൈമാറുകയും ചെയ്തു. എസ് കെ ഇലക്ട്രിക്കൽസ് 25.09.2017 ൽ നല്കിയ ഇൻവോയ്സ് പ്രകാരം ജി എസ് ടി ഇനത്തിൽ 8,920/- രൂപ അധികമായി ഈടാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എന്ക്വയറി നം 30/29.12.2018നെ തുടർന്ന് അധികമായി കൊടുത്ത 8,920/- രൂപ രസീത് നം118020102629/31.12.2018 പ്രകാരം പഞ്ചായത്ത് തിരികെ ഈടാക്കിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,25,000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 1,25,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,25,000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 1,25,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,98,750 | മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,54,200 | 44,550 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,98,750 | മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,54,200 | 44,550 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 20,400 | ജൈവസമൃദ്ധി | 20,400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20,400 | ജൈവസമൃദ്ധി | 20,400 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് മീറ്ററിങ്ങ് | 4,27,580 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിങ്ങ്, ലൈൻ എക്സ്റ്റെൻഷൻ | 5,16,368 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | -- | 2014-15 | 5.7.8.2 | തൊഴുത്തുകളുടെ അവസ്ഥ ശോചനീയം | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(**എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,09,05,024/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,06,10,416/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,006/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,21,241/- |

(ബി**)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-3 | | 2006/- | ശ്രീമതി രമ്യ സുധീർ,<br>അസി. എഞ്ചിനീയർ ,<br>തോപ്പിൽ ഹൗസ്, കുനംകുളം ലെയ്ൻ, എ-65 ,<br>മെഡിക്കൽ കോളേജ് , തിരുവനന്തപുരം |

**(സി)** ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 9,00,000/- | ഡോ.ജവഹർ,<br>മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| 3-6 | 1,21,241/- | ശ്രീമതി മിനി.ജെ.,<br>സെക്രട്ടറി |
| ആകെ | 10,21,241/- | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രമ്യ സുധീർ,<br>അസിസ്റ്റന്റ്എഞ്ചിനീയർ, | | തോപ്പിൽ ഹൗസ്,<br>കുനംകുളം ലെയിൻ,<br>എ-65,മെഡിക്കൽ കോളേജ്,<br>തിരുവനന്തപുരം. |
| ഡോ. ജവഹർ,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി.,പൂവാർ<br>(പി.ഓ.) | | ഡബ്ല്യൂ.ജെ. നിവാസ്,<br>ലൂയിസ് കോമ്പൗണ്ട്,<br>മങ്കാട്, തിരുമല (പി.ഓ.)<br>തിരുവനന്തപുരം. |
| ശ്രീമതി മിനി ജെ.,<br>സെക്രട്ടറി, പൂവാർ | സെക്രട്ടറി,<br>കഠിനംകുളം | ഹൗസ് നം. 7<br>മങ്കാരത്ത് ഗാർഡൻസ്,<br>പാപ്പനംകോട് (പി.ഓ)<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം,<br>ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| 2003-04 | കെഎസ്എ റ്റിവിഎം<br>ജിപി 1/1186/18<br>തീയതി 05.07.2018 | 1എണ്ണം<br>3(3) | |

| | | | |
|---|---|---|---|
| 2004-05 | ടി | 1എണ്ണം<br>3.6 | |
| 2005-06 | ടി | 2എണ്ണം<br>3(2), 2(1) | |
| 2006-07 | ടി | 4എണ്ണം<br>3.2, 3.5, 3.6(1), 3.6(2) | |
| 2007-08 | ടി | 5എണ്ണം<br>2.2, 3.3, 3.5(1), 3.5(2), 3.5(5) | |
| 2008-09 | ടി | 5എണ്ണം<br>3.4, 3.5, 3.8.1, 3.8.2, 3.8.3 | |
| 2009-10 | ടി | 6എണ്ണം<br>2.2, 3.3(a), 3.3(b), 3.7, 3.11.1,3.11.2 | |
| 2010-11 | ടി | 13 എണ്ണം<br>2-1, 3-1, 3-3, 3-4, 3.5, 3-7,<br>3-9, 3-10, 3(11)A, 3(11)B,<br>3(11)C, 3(12)A, 3(12)B | |
| 2011-12 | ടി | 5എണ്ണം<br>2(2), 2(3)(1), 2(3)(2),<br>3(2), 3(7) | |
| 2012-13 | ടി | 10എണ്ണം<br>2.1(ബി), (സി), (ഡി),<br>2.3, 2.4, 3.2, 3.3, 3.5, 3.7, 3.8 | |
| 2013-14 | ടി | 16 എണ്ണം<br>2.5, 2.6, 2.7, 3.1, 3.2,<br>3.3, 3.4, 3.5, 3.7, 3.10, 3.11, 3,19,<br>3.20 | |
| 2014-15 | ടി | 22 എണ്ണം<br>2.1, 2.2, 2.3, 2.5, 2.6,<br>2.7, 2.8, 2.9, 2.10, 2.11, 2.12, 2.13,<br>2.14, 3.1, 3.2, 3.3, 3.4, 3.9, 3.10, 3.12,<br>3.13, 3.14 | |
| 2015-16 | കെഎസ്എ റ്റിവിഎം ജിപി<br>1/2157/17 തീയതി 26.10.2017 | 7എണ്ണം<br>2(2), 2(3), 3(1), 3(2),<br>3-3, 3(4), 3(7) | |
| 2016-17 | കെഎസ്എ റ്റിവിഎം ജിപി<br>1/1657(എ)/17 തീയതി<br>09.02.2018 | 7എണ്ണം<br>2(2), 2(3), 2(4),<br>3(1), 3(2), 3(3), 3(4) | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

*edited BL*

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പൂവാർ ഗ്രാമപഞ്ചായത്തിന്റെ **2017-18**-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.